## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5901 08.07.2013 ലെ മറുപടിക്ക്**

## ഉത്തരാഖണ്ഡിൽ പ്രകൃതിക്ഷോഭത്തിൽ ഒറ്റപ്പെട്ടുപോയ മലയാളികളെ രക്ഷപ്പെടുത്താൻ നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.കെ. ബാലൻ: | ശ്രീ കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) ഉത്തരാഖണ്ഡിൽ പ്രകൃതി ക്ഷോഭത്തിൽ ഒറ്റപ്പെട്ടുപോയ മലയാളി തീർത്ഥാടകരെ യഥാസമയം രക്ഷപെടുത്തിയില്ലെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) പത്രമാധ്യമങ്ങളിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എത്ര മലയാളികളാണ് അവിടെ ഒറ്റപ്പെട്ടതായി വിവരം ലഭിച്ചത്; ഇവർ ഏതെല്ലാം സ്ഥലങ്ങളിൽ നിന്നുള്ളവരായിരുന്നു എന്ന് വ്യക്തമാക്കുമോ ; ഇത് സംബന്ധിച്ച വിവരം സംസ്ഥാന സർക്കാരിന് എപ്പോഴാണ് ലഭിച്ചതെന്ന് വ്യക്തമാക്കുമോ ; | ബി) 26 പേർ അവിടെ കുടുങ്ങിപ്പോയതായി വിവരം ലഭിച്ചിട്ടുണ്ട്. ഇവരെ സംബന്ധിച്ചുള്ള ലഭ്യമായ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) വിവരം ലഭിച്ചശേഷം ഇവരെ രക്ഷപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; | സി) ഡൽഹിയിലെ കേരള ഹൗസിൽ ഒരു കൺട്രോൾ റൂം തുറന്നു പ്രവർത്തിച്ചു. നോർക്ക ഡെപ്യൂട്ടി സെക്രട്ടറിയുടെ നേതൃത്വത്തിൽ അസിസ്റ്റന്റ് ലൈസൺ ഓഫീസർമാർ, ഫോട്ടോ ഗ്രാഫർ എന്നിവർ ഉൾപ്പെട്ട ടീമിനെ 21.06.2013-ൽ ഡറാഡൂണിലേക്ക് അയക്കുകയുണ്ടായി. പ്രസ്തുത ടീം 28.06.2013 വരെ ഡറാഡൂണിലും |

| | |
|---|---|
| | ഹരിദ്വാറിലും താമസിച്ചുകൊണ്ട്, കുടുങ്ങി പോയ എല്ലാ മലയാളികളും സുരക്ഷിതമായി എത്തിച്ചേർന്നു എന്ന് ഉറപ്പാക്കി. ഡറാഡൂൺ എയർപോർട്ടിൽ എത്തിച്ചേരുന്ന യാത്രക്കാരുടെ സൗകര്യത്തിനായി ഒരു ബസ് ഡറാഡൂൺ എയർ പോർട്ടിൽ എത്തിച്ചിരുന്നു.<br>കേരളാഹൗസ് റസിഡന്റ് കമ്മീഷണർ ഡറാഡൂണിലും ഹരിദ്വാറിലും താമസിച്ചുക്കൊണ്ട് രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിരുന്നു. കൂടാതെ റോഡ് മാർഗ്ഗം ഋഷികേശിലും ഹരിദ്വാറിലും എത്തിച്ചേരുന്നവരെ ഡൽഹി കേരള ഹൗസിലേക്ക് കൊണ്ടുപോകുന്നതി നായി മുഴുവൻ സമയവും വാഹന സൗകര്യം ഏർപ്പാടാക്കിയിരുന്നു. ഇവർക്കുള്ള താമസ ഭക്ഷണ സൗകര്യവും സംസ്ഥാന സർക്കാർ ഒരുക്കിയിരുന്നു. ഇവർക്ക് നാട്ടിലെത്തുന്നതിനു വേണ്ട സൗകര്യവും നൽകുകയുണ്ടായി. |
| (ഡി) എത്രപേരെ ഇതുവരെ രക്ഷപ്പെടുത്തിയിട്ടുണ്ട്; എങ്ങനെയാണ് രക്ഷപ്പെടുത്തി കേരളത്തിലെത്തിച്ചത് എന്ന് വ്യക്മാക്കുമോ ; | ഡി) പ്രളയ ബാധിത പ്രദേശത്ത് കുടുങ്ങിയതായി വിവരം ലഭിച്ച എല്ലാ മലയാളികളെയും രക്ഷപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെയും ഉത്തരാഖണ്ഡ് സർക്കാരിന്റെയും സൈന്യത്തിന്റെയും രക്ഷാപ്രവർത്തനത്തിലൂടെ ഋഷികേശ്, ഹരിദ്വാർ, ഡെറാഡൂൺ എന്നിവിടങ്ങളിൽ എത്തിച്ച മലയാളികൾക്ക് ആവശ്യമായ ഗതാഗത, താമസ, ഭക്ഷണ സൗകര്യങ്ങളൊരുക്കി |

7

| | |
|---|---|
| | ഡൽഹി വഴി<br>കേരളത്തിലെത്തിക്കുകയായിരുന്നു. |
| (ഇ) രക്ഷാപ്രവർത്തനം ഏകോപിപ്പിക്കുന്നതിന് പ്രത്യേക ടീമിനെ സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയിരുന്നോ ; ആരൊക്കെയായിരുന്നു ടീം അംഗങ്ങൾ; എന്നാണ് അവർ ചുമതലയേറ്റത്; അവർ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് വ്യക്തമാക്കുമോ ? | ഇ) രക്ഷാപ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ ഡൽഹിയിലെ പ്രതിനിധിയായ റസിഡന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ ചുവടെ പറയുന്ന ഉദ്യോഗസ്ഥരെ നിയോഗിച്ചിരുന്നു.<br>1. ശ്രീ. പി. രാമചന്ദ്രൻ, ഡെപ്യൂട്ടി സെക്രട്ടറി, നോർക്ക സെൽ, ന്യൂഡൽഹി.<br>2. ശ്രീ. അജയകുമാർ, ഡെപ്യൂട്ടി സെക്രട്ടറി, നോർക്ക സെൽ, ന്യൂഡൽഹി.<br>3. ശ്രീ; സുധരൂപൻ, എൻ.ആർ.കെ ഡവലപ്മെന്റ് ഓഫീസർ, ന്യൂഡൽഹി.<br>4. ശ്രീ. ആർ. പ്രമോദ്, അസിസ്റ്റന്റ് ലെയ്സൺ ഓഫീസർ |

**സെക്ഷൻ ഓഫീസർ**

അനുബന്ധം.

## List of Keralites Stranded at various places of Uttarakhand after the recent flood (2013)

| Sl No. | Name | Stranded at |
|---|---|---|
| 1 | Swami Guru Prasad | |
| 2 | Swami Visalanandan | |
| 3 | Krishna Swami | |
| 4 | Sudhakaran | |
| 5 | Harilal | |
| 6 | Ashokan | |
| 7 | Viswambharan | |
| 8 | Mini | |
| 9 | Kanchana | |
| 10 | Meera | Bholananda Ashram Badarinath |
| 11 | Swami Mangalananda | |
| 12 | Swamini Santhipriya | |
| 13 | Swamini Kalyani | |
| 14 | Acharya Mahadevadas | |
| 15 | Narayanan | |
| 16 | Purushotham Das | |
| 17 | Janardhana Kurup | |
| 18 | Unnikrishnan | |
| 19 | Sankaran Namboothiri | |
| 20 | Gopalakrishnan | Andhra Ashram Badarinath |
| 21 | Madhu Venugopal | |
| 22 | Sreedevi | Harshil Military Camp,Gangotri |
| 23 | Josh | |
| 24 | Sunil Kumar Bhattathiri | |
| 25 | Neela Kandan Bhattathiri | Shirda Camp |
| 26 | Sankara Narayan Bhattathiri | |

സെക്ഷൻ ഓഫീസർ